## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.** 3371 **19-06-2019 ൽ മറുപടിയ്ക്ക്**

## നൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി** | | **ശ്രീ. കെ.ടി. ജലീൽ (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| എ) | ഡോ.എ.പി.ജെ.അബ്ദുൽകലാം സ്കോളർഷിപ്പ് ഏതെല്ലാം കോഴ്സുകൾ പഠിക്കുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ; | എ) | സർക്കാർ/സർക്കാർ അംഗീകൃത പോളിടെക്നിക്കുകളിൽ മൂന്നുവർഷ ഡിപ്ലോമ കോഴ്സുകൾക്കു പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഡോ.എ.പി.ജെ.അബ്ദുൾ കലാം സ്കോളർഷിപ്പ് നൽകി വരുന്നത്. |
| ബി) | പ്രസ്തുത സ്കോളർഷിപ്പ് തുക എത്രയാണ്; | ബി) | 6000/- രൂപയാണ് ഒരു വിദ്യാർത്ഥിക്ക് നൽകുന്ന സ്കോളർഷിപ്പ് തുക. |
| സി) | ഇതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | സി) | 1) സർക്കാർ/എയ്ഡഡ് പോളിടെക്നിക്കുകളിൽ മെരിറ്റ് സീറ്റിൽ പ്രവേശനം നേടിയിട്ടുള്ളതും വരുമാന പരിധി 8 ലക്ഷം രൂപയിൽ താഴെയുള്ളവരുമായ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്നവർക്കാണ് അപേക്ഷിക്കുന്നതിന് അർഹത. സർക്കാർ അംഗീകൃത സെൽഫ് ഫിനാൻസിങ് പോളിടെക്നിക്കുകളിൽ മെരിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ചവർക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്.<br>2) രണ്ടാം വർഷ/മൂന്നാം വർഷ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്. സ്കോളർഷിപ്പ് ഒറ്റത്തവണ മാത്രമേ ലഭിക്കുകയുള്ളൂ.<br>3) കുറഞ്ഞ വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ്. ബി.പി.എൽ വിഭാഗത്തിന് മുൻഗണന നൽകുന്നതാണ്. ഇവരുടെ അഭാവത്തിൽ 8 ലക്ഷം രൂപ വാർഷിക വരുമാന പരിധിയിൽ താഴെയുള്ളവരെ പരിഗണിക്കുന്നതാണ്.<br>4) മുസ്ലീം വിഭാഗത്തിനും മറ്റു ന്യൂനപക്ഷ മത വിഭാഗത്തിനും 80:20 അനുപാതത്തിലാണ് സ്കോളർഷിപ്പിന് അർഹത. 30% സ്കോളർഷിപ്പുകൾ പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**